**പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം– വ്യാഴാഴ്ച തോറും**

## പ്രശാന്തി സന്ദേശം- ഉപാഖ്യാനം 284

# ശാസ്ത്രവും ആദ്ധ്യാത്മികതയും

## SCIENCE VS SPIRITUALITY

**സെപ്തംബർ 4, 2025 വ്യാഴം**

ഓം ശ്രീ സായിരാം!
പ്രശാന്തി സന്ദേശം നിങ്ങളെ സ്വാഗതം ചെയ്യുന്നു.

"ഇത്, അത്, രണ്ടും"(This, That and Both) എന്ന വിഷയം ഭഗവദ്ഗീത 13-ാം അദ്ധ്യായത്തെ(ക്ഷേത്രക്ഷേത്രജ്ഞ വിഭാഗയോഗം) അടിസ്ഥാനമാക്കിയുള്ളതാണ്.




ഏറെക്കാലം മുമ്പ്, 1989-ൽ, ഭഗവാൻ തമിഴ്നാട്ടിലെ ഊട്ടിയിൽ പോയി. അവിടെയൊരു സ്കൂൾ ഉണ്ടായിരുന്നു. ഭഗവാൻ തങ്ങിയ കാമ്പസ് 'നന്ദനവനം' എന്നാണ് വിളിക്കപ്പെട്ടിരുന്നത്. ഏറ്റവും കൗതുകകരമായി, എല്ലാവർക്കും താത്പര്യമുള്ള ഒരു പൊതു വിഷയമാണ് കുട്ടികളുമായി ചർച്ച ചെയ്യുന്നതിന് ഭഗവാൻ ആഗ്രഹിച്ചത്. തന്നെയുമല്ല, പത്താം ക്ലാസ്സിലെ ആൺകുട്ടികളായിരുന്നു. അവരെല്ലാവരും എണീറ്റുനിന്ന് പറഞ്ഞു, "ഭഗവാൻ, നമുക്ക് 'ശാസ്ത്രവും ആദ്ധ്യാത്മികതയും' എന്ന വിഷയം ചർച്ച ചെയ്യാം." പത്താം ക്ലാസ്സിലെ കുട്ടികൾ! എല്ലാവരും അതിശയിച്ചുപോയി. അന്നു വൈകുന്നേരത്തെ ആ ചർച്ച വളരെ നന്നായിരുന്നു.




ഭഗവാൻ തങ്ങിയ സ്ഥലം വൈസ്രോയി ആയിരുന്ന ഇംഗ്ലണ്ടിലെ ഡൽഹൗസി പണിയിച്ചതും സ്വന്തമാക്കിയതുമായ കൊട്ടാരമായിരുന്നു. ശ്രീ സത്യസായി സെൻട്രൽ ട്രസ്റ്റ് ആ സ്ഥലം വാങ്ങിയിരുന്നു. ആ സുന്ദരമായ തടികൊണ്ടുള്ള കൊട്ടാരത്തിൽ, ആൺകുട്ടികൾ 'ശാസ്ത്രവും ആദ്ധ്യാത്മികതയും' എന്ന വിഷയത്തിന്മേലുള്ള ചർച്ചയിൽ ആവേശപൂർവ്വം പങ്കെടുത്തു.

ചർച്ചയ്ക്കു ശേഷം, 'ശാസ്ത്രവും ആദ്ധ്യാത്മികതയും' എന്ന വിഷയത്തിന്മേൽ ഭഗവാന്റെ പ്രഭാഷണമുണ്ടായി.

## ശാസ്ത്രവും ആദ്ധ്യാത്മികതയും

ലോകത്ത് രണ്ടെണ്ണത്തിന്റെ സംയോജനം മാത്രമേ ഉള്ളൂ: 'ഇത്' പിന്നെ 'അത്'("This" and "That"). ഇതിലധികം ഒന്നുമില്ല, അത്രമാത്രം! 'ഇത്' എന്നത് നിങ്ങൾ ശാസ്ത്രം എന്നു വിളിക്കുന്നതാണ്, 'അത്' എന്നത് ആദ്ധ്യാത്മികത എന്നു



ഭഗവാൻ ഊട്ടിയിലെ ശ്രീ സത്യ സായി വിദ്യാ വിഹാറിലെ കുട്ടികളുമൊത്ത്

നിങ്ങൾ വിളിക്കുന്നതാണ്. ലൗകിക മനുഷ്യർ സ്വയം 'ഇതിൽ', എന്നുവച്ചാൽ ശാസ്ത്രത്തിൽ മാത്രം, ഒതുങ്ങുന്നു. അന്വേഷകർ, ആത്മീയാഭിലാഷികൾ, മുനിമാർ, വിശുദ്ധർ, പ്രവാചകർ, ദൈവവിശ്വാസികൾ-ഇവരെല്ലാവരും 'അതി'നെ, ആത്മീയത എന്നു വിളിക്കപ്പെടുന്നതിനെ, തേടുന്നു. എന്നാൽ നമ്മൾ, സായി ഭക്തരെന്ന നിലയ്ക്ക്, മനസ്സിലാക്കേണ്ടത് 'ഇതും(This)' 'അതും(That)' രണ്ടും ഒന്നാണെന്നാണ്. അന്തിമമായി നാമത് അറിയാനിടവരും. അപ്പോൾ, 'ഇത്' എന്നത് ശാസ്ത്രവും,

'അത്' എന്നത് ആദ്ധ്യാത്മികതയും ആകുന്നു. എന്നാൽ, "രണ്ടും ഒന്നാകുന്നു" എന്നതാണ് യാഥാർത്ഥ്യം.

ഭഗവാൻ മുന്നോട്ടു വച്ചിട്ടുള്ള ഏതാനും വസ്തുതകൾ നമുക്ക് ചർച്ച ചെയ്യാം. എന്താണ് ശാസ്ത്രം? ശാസ്ത്രം എന്നത് പഠനമാണ്; ശാസ്ത്രം എന്നത് നിരീക്ഷണമാണ്; ശാസ്ത്രം എന്നത് ഇന്ദ്രിയങ്ങൾക്ക് താഴെ വരുന്ന, ഇന്ദ്രിയതലത്തിനു താഴെയുള്ള അറിവാണ്. നിങ്ങൾ കാണുന്നതെല്ലാം, നിങ്ങൾ കേൾക്കുന്നതെല്ലാം,




നിങ്ങൾ സ്പർശിക്കുന്നതെല്ലാം, നിങ്ങൾ മണക്കുന്നതെല്ലാം-അവയെല്ലാം ഇന്ദ്രിയങ്ങളുമായി ബന്ധപ്പെട്ടതാണ്. ശാസ്ത്രം എന്നത് ഇന്ദ്രിയങ്ങൾക്ക് താഴെയാണ്; 'ഇത്' എന്നത് ഇന്ദ്രിയങ്ങൾക്ക് താഴെയാണ്; അതേസമയം 'അത്' എന്നത് ഇന്ദ്രിയങ്ങൾക്ക് മീതെയാണ്, അഥവാ ഇന്ദ്രിയങ്ങൾക്ക് അതീതമാണ്. ആ 'അതി(That)'നെ കണ്ണുകൾക്ക് കാണാനാവില്ല, ചെവികൾക്ക് കേൾക്കാനാവില്ല, ത്വക്കിന് സ്പർശിക്കാനാവില്ല, മൂക്കിന് ഒരിക്കലും മണക്കാനാവില്ല. അപ്പോൾ, 'അത്' എന്നത് ഇന്ദ്രിയങ്ങൾക്ക് മീതെയാണ്.

ഭഗവാൻ അരുളുന്നതു പോലെ, ഈ ശാസ്ത്രം എന്നത് സ്നേഹത്തിന്റെ ഭേദനം(split of love) ആകുന്നു. അപ്പോൾ, സ്നേഹത്തിന്റെ പിളർക്കലാകുന്നു ശാസ്ത്രം, അതേസമയം സ്നേഹത്തിന്റെ ചൈതന്യ(spirit of love)മാകുന്നു ആദ്ധ്യാത്മികത.

ഇനി, ഭഗവാൻ മൂന്നാമതൊരു വസ്തുത പറയുന്നുണ്ട്. ശാസ്ത്രം, ഇങ്ങനെയെല്ലാമായാലും, അപൂർണ്ണമാകുന്നു. നമ്മൾ എത്ര നന്നായി പഠിച്ചെന്നിരിക്കിലും, നമ്മൾ എത്ര ആഴത്തിൽ പരിശോധിച്ചുവെന്നാലും, നമ്മൾ എത്ര വ്യക്തമായി അതിനുള്ളിൽ പരതിയെന്നാലും, ശാസ്ത്രം എല്ലായ്പോഴും അപൂർണ്ണമാണ്, എന്തുകൊണ്ട്? ഏതാനും നാളുകൾക്കു മുമ്പ് ശാസ്ത്രം പ്രഖ്യാപിച്ചത് ഇന്ന് നിഷേധിക്കപ്പെട്ടിരിക്കുകയാണ്. ശാസ്ത്രം ഇന്ന് കണ്ടെത്തുന്നത് നാളെ നിഷേധിക്കപ്പെട്ടേക്കാം. ഇത് അർത്ഥമാക്കുന്നത് ശാസ്ത്രം സ്ഥിരമല്ല എന്നു മാത്രമാണ്. ലഭ്യമായ സാധനസാമ

ഗ്രികളെ ആശ്രയിച്ചും മനസ്സിന്റെ ധാരണയ്ക്കനുസൃതമായും ശാസ്ത്രം മാറിക്കൊണ്ടേയിരിക്കുന്നു.

അപ്പോൾ, ശാസ്ത്രം "**C**"എന്ന അക്ഷരം പോലെ അപൂർണ്ണമാണ്. "**C**"ഒരിടത്ത് തുടങ്ങുന്നു, ഇടയ്ക്കൊരു വിടവുമായി അവിടെ അവസാനിക്കുന്നു. അപ്പോൾ, ശാസ്ത്രം അപൂർണ്ണമാണ്, അതേസമയം ആദ്ധ്യാത്മികതയെന്നത് "**O**"എന്ന അക്ഷരം പോലെ പൂർണ്ണമാണ്. "പൂർണ്ണമദഃ പൂർണ്ണമിദം". അത് പൂർണ്ണമാണ്. അപ്പോൾ, ആദ്ധ്യാത്മികതയെന്നത് പൂർണ്ണതയാകുന്നു. അത് ഒരിക്കലും അപൂർണ്ണമല്ല.




ശാസ്ത്രം "ത്വം" -നെക്കുറിച്ചാണ് പറയുന്നത്, അതായത്, "നിങ്ങൾ(you)", അതേസമയം ആദ്ധ്യാത്മികത "തത്"(That)-നെക്കുറിച്ചാണ് പറയുന്നത്. "ത്വം" ഇത്(This) ആകുന്നു. അപ്പോൾ, ശാസ്ത്രം "ത്വം" ആകുന്നു, അതേസമയം ആദ്ധ്യാത്മികത "തത്" ആകുന്നു. ശാസ്ത്രജ്ഞൻ ഈ സൃഷ്ടിയെക്കുറിച്ച്, ലോകത്തെക്കുറിച്ച്, ചിന്തിച്ചുകൊണ്ടേയിരിക്കുന്നു, അതേസമയം ആദ്ധ്യാത്മിക പുരുഷൻ അതിനു പിന്നിലുള്ള സൃഷ്ടാവിനെക്കുറിച്ച് ചിന്തിക്കുന്നു. കാരണം കൂടാതെ കാര്യമുണ്ടാവാൻ സാധ്യമല്ല. എന്തൊക്കെയായാലും, ജീവിതം എന്നത് കാര്യ കാരണ(cause and

effect)ങ്ങളുടെ ഒരു സംയോജനമാണ്. ശാസ്ത്രജ്ഞർ കാര്യ(effect)ത്തെപ്പറ്റി ചിന്തിക്കുന്നു, അതേസമയം ആദ്ധ്യാത്മിക മനുഷ്യൻ കാരണ(cause)ത്തെപ്പറ്റി ചിന്തിക്കുന്നു.

## ശാസ്ത്രം മുറിക്കുന്ന കത്രിക പോലെ

ശാസ്ത്രം, ഭഗവാൻ അരുളുന്നതു പോലെ, മുറിക്കുകയും വേർപെടുത്തുകയും ചെയ്യുന്ന ഒരു കത്രിക പോലെയാണ്. ഇന്ന് നമുക്ക് അടിസ്ഥാന ശാസ്ത്രങ്ങൾ, സൂപ്പർ സയൻസസ്, സൂപ്പർ സ്പെഷ്യാലിറ്റികൾ ഇവയുണ്ട്. പല്ലുവേദനയായിട്ട് ബോംബെയിൽ ഒരു വ്യക്തി ഒരു ഡോക്ടറുടെ അടുത്ത് പോയി. "അല്ലയോ ഡോക്ടറേ! എനിക്ക് പല്ലുവേദനയാണ്." ഡോക്ടർ തിരക്കി, "ഓകെ, ഏത് താടിയാണ്? മേൽത്താടിയോ അതോ കീഴ്ത്താടിയോ?" രോഗി പറഞ്ഞു, "അല്ലയോ ഡോക്ടർ! എന്റെ കീഴ്ത്താടിയിലെ പല്ലിനാണ് വേദന." ഡോക്ടർ പറഞ്ഞു, "ക്ഷമിക്കണം, ഞാൻ മേൽത്താടിയുടെ സ്പെഷ്യലിസ്റ്റാണ്. തൊട്ടടുത്ത ദന്തിസ്റ്റിനെ കാണൂ."



അതുകൊണ്ട്, ആ രോഗി മറ്റേ ദന്തിസ്റ്റിനെ പോയി കാണുന്നു,

"ഹായ് ഡോക്ടർ! അങ്ങൊരു സ്പെഷ്യലിസ്റ്റാണെന്ന് എനിക്കറിയാം. എന്റെ പല്ലിന് നല്ല വേദനയാണ്."

"ഓ.കെ, ഞാനൊരു സ്പെഷ്യലിസ്റ്റാണ്, പക്ഷേ മുൻവശത്തെ പല്ലാണോ പുറകു വശത്തെ പല്ലാണോ(the incisors or the molars) താങ്കളെ അലട്ടുന്നത് എന്നറിയണം എനിക്ക്."




"ശരി, ഡോക്ടർ, പുറകു വശത്തെ പല്ലാണ് നോവുന്നത്."

"ക്ഷമിക്കണം, ഞാൻ മുൻവശത്തെ പല്ലിന്റെ മാത്രം വിദഗ്ദ്ധനാണ്. അതുകൊണ്ട് അടുത്ത മുറിയിലേക്ക് പൊയ്ക്കോളൂ."

അപ്പോൾ ഇതുപോലെ, സ്പെഷ്യലൈസേഷനും സൂപ്പർ സ്പെഷ്യലൈസേഷനും നമ്മളെ ആശയക്കുഴപ്പത്തിലാക്കുന്നു. ശാസ്ത്രമെന്നാൽ ഇതാണ്, അത് കത്രിക പോലെയാണ്. കത്രിക നമ്മളെ മുറിക്കാൻ, വേർപെടുത്താൻ സഹായിക്കുന്നതുപോ



ലെ, ശാസ്ത്രം വിഭജിക്കുന്നു, അതേസമയം ഒരു സൂചി ചെറിയ കഷ്ണങ്ങളെ തുന്നിച്ചേർക്കുന്നു. ഒരു തയ്യൽക്കാരന്റെ ദൃഷ്ടാന്തം എടുക്കുക. നിങ്ങൾ നിങ്ങളുടെ തയ്യൽക്കാരന്റെ അടുത്തേക്ക് ഒരു തുണി കൊണ്ടുപോകുന്നു. തയ്യൽക്കാരൻ അത് പല കഷ്ണങ്ങളായി മുറിക്കുന്നു, സൂചിയുടെ സഹായത്തോടെ, അയാൾ അവയെല്ലാം ചേർത്ത് തുന്നുന്നു, ഒരു ഷർട്ടുണ്ടാക്കുന്നു. ഇതേപോലെ, ഒരു സൂചി പല കഷ്ണങ്ങളെ ഒരൊറ്റ വസ്ത്രമായി തുന്നിച്ചേർക്കുന്നു. ആദ്ധ്യാത്മികത ഒരു സൂചി പോലെയാകുന്നു, അതേ സമയം ശാസ്ത്രം കത്രിക പോലെയും.

ശാസ്ത്രം ആയിത്തീരലു(becoming)പോലെയാണ്. നിങ്ങളൊരു ശാസ്ത്രജ്ഞൻ ആയിത്തീരുകയാണ്; നിങ്ങൾ ഒരു ശാസ്ത്രജ്ഞനായി ജനിക്കുകയല്ല. നിങ്ങളുടെ താത്പര്യവും അന്വേഷണത്വരയും കാരണം നിങ്ങളൊരു ശാസ്ത്രജ്ഞൻ ആയിത്തീ




രുന്നു. അത്രമാത്രം. നിങ്ങളൊരു ശാസ്ത്രജ്ഞനായി ജനിക്കുന്നില്ല. അപ്പോൾ, ശാസ്ത്രമെന്നത് ആയിത്തീരലാണ് ്(becoming), അതേസമയം നിങ്ങൾ കേവല ഉണ്മ(the very being)യാണ്. നിങ്ങൾ ആദ്ധ്യാത്മികമാണ്. നിങ്ങളുടെ കേവല സത്ത അസ്തിത്വപര (existential)മാണ്. അസ്തിത്വമാകുന്നു നിങ്ങൾ. നിങ്ങൾ കേവല സത്തയാണ്; നിങ്ങൾ ആയിത്തീരുകയല്ല(You are the very being; you are not becoming).

ശാസ്ത്രമെന്നത് ചോദ്യം ചെയ്യലാണ്. ഞാൻ ചോദ്യം ചെയ്തുകൊണ്ടേയിരിക്കുന്നു, “എന്തുകൊണ്ട്, എവിടെ, എന്ത്, എപ്പോൾ, എങ്ങനെ?” ശാസ്ത്രം ഈ ചോദ്യങ്ങൾക്കെല്ലാം അവശ്യം ഉത്തരം നൽകേണ്ടതുണ്ട്. അപ്പോൾ, ശാസ്ത്രമെന്നത് ബാഹ്യമായ ചോദ്യങ്ങളുടെ കാര്യമാണ്! ജീവിതത്തിന്റെ അടിസ്ഥാന വസ്തുതകളറിയുന്നതിന് ഞാൻ ചോദ്യം ചെയ്തുകൊണ്ടേയിരിക്കുന്നു.

എന്നാൽ ആദ്ധ്യാത്മികതയെന്നത് ഒരു ചോദ്യമല്ല. അതൊരു അന്വേഷണമാണ്,




തെരയലാണ്, ഒരു ധ്യാനം, മനനം ആണ്. ഒരു ആരായലെന്നത് ഒരു തേടലാണ്, അനന്തവും അനിശ്ചിതവുമായത്. അപ്പോൾ, ശാസ്ത്രം ഒരു ചോദ്യ(**question**)മായിരിക്കെ, ആദ്ധ്യാത്മികത ഒരു തേടലാ(**quest**)കുന്നു. ഭഗവാൻ പറഞ്ഞ വസ്തുതകളാണ് ഇവയെ ല്ലാം.

## വിശദീകരണവും അതിശയവും
## EXPLANATION AND EXCLAMATION

ശാസ്ത്രം നിങ്ങൾക്കൊരു വിശദീകരണം തരുന്നു. കത്തുന്ന ഒരു വിറകു കഷ്ണം ഓക്സിജന്റെ സാന്നിദ്ധ്യത്തിൽ ശോഭയോടെ കത്തുന്നു. അതെന്തുകൊണ്ട് കത്തുന്നു? ഓക്സിജൻ കാരണം. എന്തുകൊണ്ടത് ഇല്ല? ഹൈഡ്രജൻ കാരണം.



ശ്രീ സത്യ സായി ഊട്ടിയിൽ-1984 ഏപ്രിൽ 11-15

ഓരോ കാര്യത്തിനും ഒരു വിശദീകരണമുണ്ട്. ശാസ്ത്രം ഒരു വിശദീകരണം തന്നേ മതിയാവൂ. അത് വിശദീകരിക്കുന്നില്ലായെങ്കിൽ, അത് ശാസ്ത്രീയമാവാൻ കഴിയില്ല.

അത് ശാസ്ത്രീയമാണെങ്കിൽ, അതിനൊരു വിശദീകരണം ആവശ്യമുണ്ട്. ശാസ്ത്രവും വിശദീകരണവും ഒരുമിച്ച് പോകുന്നു. വിശദീകരിക്കാനാവാത്തത്, ശാസ്ത്രമേയല്ല.

എന്നാൽ ആദ്ധ്യാത്മികതയെന്നത് ഒരു വിശദീകരണമല്ല. അതൊരു അതിശയമാണ്,




അത്ഭുതത്തോടെയും ആശ്ചര്യത്തോടെയും ഉള്ളത്, ഒരു ഹർഷമാണ്, നിറയെ വൈഭവവും ഉത്തേജനവുമായി. അതിന് വിശദീകരണമൊന്നും നൽകാനാവില്ല. അതൊരു അതിശയം മാത്രമാണ്. "ആഹാ! ഞാൻ സ്വാമിയെ കണ്ടു! ഹാവൂ!" അത്ര മാത്രം. ഒരു വിശദീകരണവുമില്ല. അതൊരു അതിശയം മാത്രം!




ശാസ്ത്രത്തിൽ, വിശദീകരണവും നിഗമനവു(observation and inference)മുണ്ട്. നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ, നിങ്ങൾ ഏതാനും നിഗമനങ്ങളിലെത്തിച്ചേരുന്നു. ശാസ്ത്രത്തിന് മൂന്നു കാര്യങ്ങൾ ആവശ്യമുണ്ട്-പരീക്ഷണം, നിരീക്ഷണം, നിഗമനം. ആദ്ധ്യാത്മികത അങ്ങനെയല്ല. അത് അനുഭവമാണ്. ആദ്ധ്യാത്മികത അനുഭവമാണ്-യാഥാർത്ഥ്യത്തിന്റെ അനുഭവം. നിരീക്ഷണം, നിഗമനം പോലെയുള്ള കാര്യങ്ങളൊന്നുമില്ല, ഇല്ല!




ശാസ്ത്രവും ആദ്ധ്യാത്മികതയും തമ്മിലുള്ള വ്യത്യാസം വിവരിക്കുന്നത് പ്രഫ. അനിൽകുമാർ അടുത്ത ലക്കത്തിൽ തുടരും.

നിങ്ങളുടെ സമയത്തിന് നന്ദി.

ഓം സായിറാം!



(തുടരും)

**പ്രഫ. അനിൽകുമാർ കാമരാജു** – (*Sai-Vedam* പേജ് 279–284)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)